# ദൈവം തന്റെ ഏറ്റവും നല്ല ദാനങ്ങൾ അത് അർഹിക്കാത്തവർക്ക് നൽകുന്നു

സാക് പുന്നൻ

WFTW Malayalam 6 May 2012

www.jeevamozhikal.org

പല വിശ്വാസികളും പരിശുദ്ധാത്മ നിറവ് പ്രാപിക്കാതിരിക്കുന്നതിനു കാരണം, അവർ അത് നേടിയെടുക്കുവാൻ ശ്രമിക്കുന്നതുകൊണ്ടാണ്. അവർ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതിനുള്ള "യോഗ്യത"യ്ക്കായി ശ്രമിക്കുന്നു. പല മതങ്ങളിലുമുള്ള സത്യസന്ധരായ അനേകർ ഇതുപോലെ പാപക്ഷമയ്ക്കായി ശ്രമിക്കുന്നു. എന്നാൽ അവർക്ക് പാപക്ഷമ ലഭിക്കാത്തതെന്തുകൊണ്ടാണ്? അവർ അത് "നേടാൻ" ശ്രമിക്കുന്നു എന്നതാണ് കാരണം.

നിങ്ങൾക്ക് പാപക്ഷമ ലഭിച്ചതെങ്ങനെയാണ്? അത് നിങ്ങൾ നേടിയെടുത്തതോ അർഹിച്ചതോ ആണോ? നിങ്ങളുടെ ജീവിതത്തിൽ ഒരു ദിവസം ദൈവത്തിൽ നിന്നുള്ള പാപക്ഷമയ്ക്ക് നിങ്ങൾ അർഹനല്ലായെന്നു തിരിച്ചറിഞ്ഞു. അപ്പോൾ നിങ്ങൾ യേശുവിന്റെ അടുക്കലേയ്ക്ക് ഒരു ക്രിസ്ത്യാനിയായിട്ടല്ല, ഒരു പാപിയായിട്ട് കടന്നുവന്നു. ഉടനെ നിങ്ങളുടെ പാപങ്ങൾ ക്ഷമിച്ചുകിട്ടി. ഇതുപോലെ കടന്നുവന്നാൽ മാത്രമെ നാം ആത്മനിറവ് പ്രാപിക്കുകയുള്ളു.

ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് പരിശുദ്ധാത്മ നിറവിനായി കാത്തിരിക്കുന്ന അനേകം വിശ്വാസികളുണ്ട്. ഈ കാര്യങ്ങളൊക്കെ ചെയ്യുന്നതിൽ തെറ്റൊന്നുമില്ല. അതെല്ലാം നല്ലതുതന്നെ. എന്നാൽ ഇതൊക്കെ ആത്മനിറവ് പ്രാപിക്കാനുള്ള "യോഗ്യത" നേടാൻ വേണ്ടിയാണെങ്കിൽ നിങ്ങൾ തെറ്റായ മാർഗ്ഗത്തിലാണ്.

ആത്മനിറവ് പ്രാപിക്കാൻ കഴിയാതെ വരുമ്പോൾ നിങ്ങൾ ദൈവത്തെ ഇങ്ങനെ ചോദ്യം ചെയ്യുക പോലും ചെയ്യാം, "കർത്താവെ, ഞാൻ ഉപവസിച്ച് പ്രാർത്ഥിച്ച് കാത്തിരുന്നുവല്ലോ, പിന്നെയെന്തുകൊണ്ടാണ് അങ്ങെന്നെ ആത്മാവിനാൽ നിറയ്ക്കാത്തത്? എന്നാൽ പാപക്ഷമ ഒരിക്കലും നേടുകയൊ അർഹിക്കുകയൊ ചെയ്യാൻ കഴിയാത്തതുപോലെ പരിശുദ്ധാത്മാവിനേയും ഒരിക്കലും നിങ്ങൾക്ക് "നേടുകയൊ" അല്ലെങ്കിൽ "അർഹിക്കുകയൊ" ചെയ്യാൻ കഴിയുകയില്ല. ഇതു രണ്ടും ദൈവത്തിന്റെ ദാനമാണ്. അതുകൊണ്ടുതന്നെ അതിനൊരു വില കൊടുക്കുവാൻ നിങ്ങൾക്ക് കഴിയുകയില്ല. സൗജന്യമായി അതെടുക്കണം അല്ലെങ്കിൽ അത് ഒരിക്കലും ലഭിക്കുകയില്ല.

ദൈവത്തിന്റെ എല്ലാ ദാനങ്ങളും സൗജന്യമാണ്. എന്നാൽ മനുഷ്യൻ അവയ്ക്ക് വിലകൊടുത്ത് ദൈവത്തിൽ നിന്ന് വാങ്ങാൻ ശ്രമിക്കുന്നു. അതിനാൽ തന്നെ അവന് അതൊന്നും ലഭിക്കുന്നില്ല. ദൈവത്തിന്റെ ദാനങ്ങൾ ലഭിക്കുവാനുള്ള യോഗ്യത നേടാനാണ് ശ്രമമെങ്കിൽ നിങ്ങൾക്ക് ദാനങ്ങളൊന്നും ലഭിക്കുകയില്ല. ഒരുപക്ഷെ നിങ്ങൾ പരിശുദ്ധാത്മാവിനാൽ നിറയാതിരിക്കാനുള്ള പ്രധാന കാരണവും അതുതന്നെയാകാം.

യേശു ഈ ഭൂമിയിലായിരുന്നപ്പോൾ, മറ്റാരേക്കാളും പാപക്ഷമ ലഭിക്കുവാൻ അർഹതയുള്ളത് തങ്ങൾക്കാണെന്ന് പരീശന്മാർ കരുതി. എന്നാൽ അവർക്ക് ലഭിച്ചില്ല. അവർ നരകത്തിലേയ്ക്ക് പോയി. മറുവശത്ത് മഗ്ദലനക്കാരി മറിയയെപ്പോലെ കുപ്രസിദ്ധരായ പാപികൾ വളരെ വേഗം പാപക്ഷമ പ്രാപിച്ചു. കുറ്റവാളിയായി ജീവിച്ച ഒരു കള്ളൻ ഒരു നിമിഷം കൊണ്ട് പാപക്ഷമ പ്രാപിച്ച് ക്രൂശിക്കപ്പെട്ട രാത്രിയിൽ തന്നെ പറുദീസയിൽ എത്തി.

“ദൈവം തന്റെ ഏറ്റവും നല്ല ദാനങ്ങൾ അത് അർഹിക്കാത്തവർക്ക് നൽശുന്നു”. മുന്തിരി ത്തോട്ടത്തിലെ വേലയ്ക്കായി പതിനൊന്നാം മണിക്കൂറിൽ വന്നവർ, തങ്ങൾ കൂലിക്ക് അർഹര ല്ലെന്നാണ് കരുതിയത്. എന്നാൽ അവർക്കാണ് ആദ്യം കൂലി ലഭിച്ചത്. കൂലിക്കർഹരാണെന്ന് സ്വയം കരുതിയ ആദ്യം വന്ന ആളുകൾക്ക് അവസാനമാണ് കൂലി ലഭിച്ചത്.

ധൂർത്ത് പുത്രന്റെ കഥയിലെ പിതാവിന്റെ കൈയിൽ ഒരു മോതിരം ഉണ്ടായിരുന്നതായി നാം വായിക്കുന്നു. ഒരു ദിവസം അദ്ദേഹം അതെടുത്ത് തന്റെ സമ്പത്ത് നഷ്ടപ്പെടുത്തിക്കളഞ്ഞ ഇളയ പുത്രന് നൽകുന്നു. എന്തുകൊണ്ടാണ് അത് തന്റെ മൂത്ത പുത്രന് നൽകാതിരുന്നത്? കാരണം അവൻ സ്വയം നീതിമാനായിരുന്നു. മാനുഷീക ദൃഷ്ടിയിൽ മൂത്ത പുത്രനാണ് ആ മോതിരത്തിന് അർഹൻ. എന്നാൽ പിതാവ് അത് തന്റെ ഇളയ പുത്രനാണ് നൽകിയത്.

അതാണ് ദൈവത്തിന്റെ വഴി. നിഗളികളെ താഴ്ത്തുവാനും, ആരും തന്റെ സന്നിധിയിൽ പ്രശംസിപ്പാതിരിക്കുവാനും അവിടുന്ന് അങ്ങനെ കാര്യങ്ങൾ ചെയ്യുന്നു. “അവിടുത്തെ വഴിക ളല്ല നമ്മുടെ വഴികൾ, അവിടുത്തെ ചിന്തകളല്ല നമ്മുടെ ചിന്തകൾ”.

മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ.